**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17- കുണ്ടറ നിയോജക മണ്ഡലം - ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിലെ കെ ഐ പി കനാൽ റോഡ് പുനരുദ്ധാരണം - ഭരണാനുമതി - റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 2673/2018/തസ്വഭവ തിരുവനന്തപുരം, തീയതി : 17.10.2018**

---

പരാമർശം :- (1) ജി.ഒ.(സാധാ)നം. 908/2018/തസ്വഭവ തീയതി 31/03/2018

(2) ബഹു.മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗും, കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി ശ്രീമതി. മേഴ്സിക്കുട്ടിഅമ്മയുടെ 04.07.2018 ലെ കുറിപ്പ് .

**<u>ഉത്തരവ്</u>**

കുണ്ടറ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീമതി.മേഴ്സിക്കുട്ടി അമ്മ എം.എൽ.എ യുടെ 2016-17 ആസ്തിവികസന പദ്ധതിയിൽ നിന്നും ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിലെ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള കെ ഐ പി കനാൽ സൈഡ് റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 78.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ വാഹനങ്ങൾ കനാലിൽ വീഴാതിരിക്കുവാനും, ജന സുരക്ഷയും കണക്കിലെടുത്ത് ഗാർഡ് സ്റ്റോണും സംരക്ഷണ ഭിത്തിയും ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണെന്ന വ്യവസ്ഥ നിഷ്കർഷിച്ചിരുന്നു. ഇത്തരത്തിൽ സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള അടങ്കൽ തുകയായ 78.30 ലക്ഷം രൂപ അപര്യാപ്തമാണ് എന്നും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഉത്തരവിൽ നിബന്ധനയുള്ള സാഹചര്യത്തിൽ പുനരുദ്ധാരണ പ്രവൃത്തിയുടെ ചുമതല റോഡിന്റെ അധീനതയുള്ള ജലവിഭവ വകുപ്പിന്റെ കെ.ഐ.പി (കല്ലട ഇറിഗേഷൻ പ്രോജക്ട്)വിഭാഗത്തിന് നൽകുന്നതാണ് അഭികാമ്യമെന്നും, മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഭരണാനുമതി നൽകിയ അടങ്കൽ തുകയായ 78.30 ലക്ഷം എന്നത് ആകെ ഒരുകോടി രൂപയാക്കി ഉയർത്തിയും പ്രവൃത്തി ചെയ്യുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ജലവിഭവ വകുപ്പിന് കീഴിലുള്ള കെ.ഐ.പി (കല്ലട ഇറിഗേഷൻ പ്രോജക്ട്) വിഭാഗത്തിന് നൽകിയും നിലവിലെ ഉത്തരവ് റദ്ദ് ചെയ്ത് പുതുക്കിയ

ഭരണാനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ബഹു. മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗും, കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുണ്ടറ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീമതി.മേഴ്സിക്കുട്ടി അമ്മ എം.എൽ.എ യുടെ 2016-17 ആസ്തിവികസന പദ്ധതിയിൽ നിന്നും ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിലെ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള കെ ഐ പി കനാൽ സൈഡ് റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം നൽകിയ 78.30 ലക്ഷം രൂപയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, കൊല്ലം .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം .
ധനകാര്യവകുപ്പ്(അനൗദ്യോഗികകത്ത്നം. 536/എൻ.സി.ബി.2/2016/ധന.തീയതി. 01.10.2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ